പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4378 — 27.06.2013-ലെ മറുപടിക്ക്

## പാലക്കാട് ജില്ലയിൽ ലാന്റ് ബോർഡുകളിൽ തീർപ്പാക്കാനുള്ള കേസുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ചന്ദ്രൻ | ശ്രീ.അടൂർപ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പാലക്കാട് ജില്ലയിൽ റവന്യൂ വകുപ്പിനു കീഴിലുള്ള ലാന്റ് ബോർഡുകളിൽ ആകെ എത്ര കേസുകൾ തീർപ്പാക്കാനുണ്ട് എന്ന് താലൂക്ക് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | പാലക്കാട് ജില്ലയിൽ താലൂക്ക് ലാന്റ് ബോർഡുകളിൽ തീർപ്പാക്കുവാൻ ശേഷിക്കുന്ന കേസുകളുടെ എണ്ണം താഴെ പറയും പ്രകാരമാണ്. |
| (ബി) | കഴിഞ്ഞ വർഷം എത്ര കേസുകളിൽ തീർപ്പ് നൽകി ഉത്തരവായിട്ടുണ്ട്; അറിയിക്കുമോ; | (ബി) | 28 കേസുകളിൽ തീർപ്പ് നൽകി ഉത്തരവായിട്ടുണ്ട്. |
| (സി) | ഇതിൽ എത്ര മിച്ചഭൂമി ഏറ്റെടുത്തു എന്നും ഏറ്റെടുത്ത മിച്ചഭൂമി ഗുണഭോക്താക്കൾക്കു നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ? | (സി) | പാലക്കാട് ജില്ലയിൽ കഴിഞ്ഞ വർഷം 77.78 ഏക്കർ സ്ഥലം മിച്ചഭൂമിയായി ഏറ്റെടുത്തിട്ടുണ്ട്. ഈ സ്ഥലങ്ങൾ ഗുണഭോക്താക്കൾക്ക് നൽകിയിട്ടില്ല. ഇതിൽ വിതരണ യോഗ്യമായ സ്ഥലങ്ങൾ സീറോലാന്റ്ലെസ് 2015 പദ്ധതിയിൽ ഉൾപ്പെടുത്തി പതിച്ചു നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

(എ) ഉത്തരത്തിലെ പട്ടിക:

| | |
|---|---|
| ആലത്തൂർ താലൂക്ക് ലാന്റ് ബോർഡ് | 39 |
| ചിറ്റൂർ താലൂക്ക് ലാന്റ് ബോർഡ് | 46 |
| മണ്ണാർക്കാട് താലൂക്ക് ലാന്റ് ബോർഡ് | 70 |
| ഒറ്റപ്പാലം താലൂക്ക് ലാന്റ് ബോർഡ് | 28 |
| പാലക്കാട് താലൂക്ക് ലാന്റ് ബോർഡ് | 31 |
| ആകെ | 214 കേസുകൾ |

സെക്ഷൻ ഓഫീസർ